(ഇ) ആരോഗ്യത്തിന് ഹാനികരമെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെടുന്ന ഭക്ഷണ പദാർത്ഥങ്ങൾ മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് നിരോധിക്കുന്നുണ്ട്.

(എഫ്) നിലവിലുള്ള 1957-ലെ കേരള മായം ചേർക്കൽ നിരോധന ചട്ടം പരിഷ്ക്കരിക്കുന്നതിനായി പുതുക്കിയ കരട് കേരള പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ റൂൾസ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ ഇതിൽ ചില ഭേദഗതികൾ നിർദ്ദേശിച്ച് കരട് സംസ്ഥാന സർക്കാരിന് തിരിച്ചയയ്ച്ചിട്ടുണ്ട്. ഈ ഭേദഗതികൾ സംസ്ഥാന സർക്കാർ പരിശോധിച്ചു വരുന്നു. 1954-ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമവും 1955-ലെ ചട്ടവും മായം ചേർക്കൽ തടയുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

കുരിയാർകുറ്റി-കാരപ്പാറ ജലവൈദ്യുതി പദ്ധതി

* 29 [179] ശ്രീ. എ. സി. മൊയ്തീൻ:
,, കെ. രാധാകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കുരിയാർകുറ്റി-കാരപ്പാറ ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരുന്നത് എന്നായിരുന്നു;

(സി) പദ്ധതിക്കുവേണ്ടി ഇതിനകം ബോർഡും ഗവൺമെന്റും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) പദ്ധതിയെ സംബന്ധിച്ച് സംസ്ഥാന വനം വകുപ്പിന്റെ നിലപാട് ഇലക്ട്രിസിറ്റി ബോർഡിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) ഈ വിഷയത്തിൻമേൽ കേരള നിയമസഭ പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്ത പ്രമേയത്തിന് വിരുദ്ധമായ നിലപാട് എന്തെങ്കിലും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(എഫ്) പദ്ധതി മൂലം വെള്ളത്തിൽ മുങ്ങിപ്പോകുന്ന സ്ഥലങ്ങളിൽ വനഭൂമി എത്ര; സ്വകാര്യ എസ്റ്റേറ്റുകളുടെ ഭൂമി എത്ര;

(ജി) പദ്ധതി പൂർത്തിയാവുകയാണെങ്കിൽ പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് അധിക ഉൽപ്പാദനം നടത്തുവാൻ സാധിക്കും എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇല്ല.

(ബി) 1978-ൽ.

(സി) പദ്ധതിക്കുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുകയും കേന്ദ്ര മന്ത്രാലയത്തിന്റെ തുടർന്നുള്ള നിർദ്ദേശപ്രകാരം അനുമതി ലഭിക്കുന്നതിനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പുമായി ഈ പദ്ധതിയുടെ നടത്തിപ്പിന്റെ സാങ്കേതിക സാമ്പത്തിക വശങ്ങളെ കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) നിർദ്ദിഷ്ട കുതിയാർകുറ്റി പദ്ധതികൊണ്ട് 12 ഹെക്ടർ വനഭൂമിയും കാരപ്പാറ പദ്ധതികൊണ്ട് 690 ഹെക്ടർ സ്വകാര്യ എസ്റ്റേറ്റുകളും വെള്ളത്തിൽ മുങ്ങുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ജി) ഈ പദ്ധതികൊണ്ട് കൊഴിഞ്ഞാമ്പാറ പ്രദേശത്ത് 14,563 ഹെക്ടറും, എലവഞ്ചേരി, മുതലമട എന്നീ ഗ്രാമങ്ങളിൽ 4035 ഹെക്ടർ സ്ഥലത്തും ജലസേചനം നടത്താൻ സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

കാലാവധി നീട്ടിയ റാങ്ക് ലിസ്റ്റുകൾ

*30 [180] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടും പി.എസ്.സി.-യുടെ നിസ്സഹകരണം നിമിത്തം ഉദ്ദേശിച്ച ഗുണം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിനും സർക്കാർ ഉദ്ദേശിച്ച ഗുണം ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ശ്രദ്ധയിൽപ്പെട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly